കേരള സർക്കാർ

# ഇടപ്പള്ളി ബ്ലോക്ക്പഞ്ചായത്ത്
# 2014-15 & 2015-16
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-
ഇ.കെ.എം(ബി.പി.)1574/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം ,
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682 030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

തീയതി : 05.10.2016

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് – 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 വർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 3-ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്(കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

പകർപ്പ് :
1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, എറണാകുളം.
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.-
ഇ.കെ.എം(ബി.പി.)1574/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം ,
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682 030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

തീയതി : 05.10.2016

## എറണാകുളം ജില്ലയിലെ ഇടപ്പള്ളി ബ്ലോക്ക്പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ഇടപ്പള്ളി ബ്ലോക്ക്പഞ്ചായത്തിന്റെ 2014-15, 2015-16 എന്നീ സാമ്പത്തിക വർഷങ്ങളിലെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 8-അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3-എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. കെ.സുദർശനൻ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 26.8.2016 മുതൽ 01.9.2016 വരെയും<br>03.9.2016 മുതൽ 06.9.2016 വരെയും |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.എം.എസ്.ഷൈല,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ശ്രീ. ഡി.ജിനിൽ റോയ്,ഓഡിറ്റ് ഓഫീസർ |
| | ശ്രീ.അജിമോൻ പി.പി.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (31.8.2016 വരെ) |
| | ശ്രീമതി. ഉമ.ജി.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ (05.09.2016 & 06.0902016) |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഏലിയാമ്മ ഐസക്ക് | 1.4.2014 | 6.12.2015 |
| | ശ്രീ.എം.ആർ.ആന്റണി | 7.12.2015 | 31.3.2016 |

| | | | |
|---|---|---|---|
| വൈസ് പ്രസിഡന്റ് | ശ്രീ.എ.വി.മണിയപ്പൻ | 1.4.2014 | 6.12.2015 |
| | ശ്രീമതി.ലില്ലി ആൽബർട്ട് | 7.12.2015 | 31.3.2016 |

സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺസ്

| | | | |
|---|---|---|---|
| വികസന കാര്യം | ശ്രീമതി.മീന രവീന്ദ്രൻ | 1.4.2014 | 6.12.2015 |
| | ശ്രീ.വി.എ.ജോസഫ് | 7.12.2015 | 31.3.2016 |
| ക്ഷേമകാര്യം | ശ്രീ.കെ.കെ.തിരുമേനി | 1.4.2014 | 6.12.2015 |
| | ശ്രീമതി.സെലിൻ ചാൾസ് | 7.12.2015 | 31.3.2016 |
| വിദ്യാഭ്യാസം & ആരോഗ്യകാര്യം | ശ്രീമതി.റോസി വിൻസി ഡെറിസ് | 1.4.2014 | 6.12.2015 |
| | ശ്രീ.ഇ.കെ.പുഷ്കരൻ | 7.12.2015 | 31.3.2016 |

| | | | |
|---|---|---|---|
| സെക്രട്ടറി | ശ്രീ.സിജു തോമസ് | 1.4.2014 | 28.9.2015 |
| | ശ്രീ.കെ.കെ.ഷീബ | 29.9.2015 | 30.9.2015 |
| | ശ്രീ.കുഞ്ഞുമോൻ | 1.10.2015 | 10.2.2016 |
| | ശ്രീ.കെ.പി.രഘുനന്ദനൻ | 11.2.2016 | 15.2.2016 |
| | ശ്രീ.കെ.കെ.ഷീബ | 16.2.2016 | 18.2.2016 |
| | ശ്രീ.എ.കെ.തോമസ് | 19.2.2016 | 31.3.2016 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| അസി.ഡയറക്ടർ, കൃഷി | ശ്രീമതി.മായ.എസ്.നായർ | 01.04.2014 | 13.12.2015 |
| | ശ്രീമതി. ഷീബ.കെ.എസ്. | 14.12.2015 | 31.03.2016 |
| മെഡിക്കൽ ഓഫീസർ, മാലിപുറം | ഡോ.വൽസലകുമാരി | 01.04.2014 | 24.06.2014 |
| | ഡോ.പ്രീതി ബി. | 25.06.2014 | 05.11.2014 |
| | ഡോ.അപ്പു സിറിയക്ക്. | 06.11.2014 | 31.03.2016 |
| മെഡിക്കൽ ഓഫീസർ, ചേരാനെല്ലൂർ | ഡോ. നസീർ .പി. | 01.4.2014 | 02.06.2015 |
| | ഡോ. ഷേർളി ജോർജ്ജ് | 3.6.2015 | 31.3.2016 |
| സി.ഡി.പി.ഒ. | ശ്രീമതി.ജലജ.പി.ഡി.(സി.ഡി.പി.ഒ.) | 01.04.2014 | 18.11.2014 |
| | ശ്രീമതി.പത്മകുമാരി സൂപ്പർവൈസർ.(സി.ഡി.പി.ഒ. ഇൻ ചാർജ് ) | 19.11.2014 | 03.06.2015 |
| | ശ്രീമതി.ഈശ്വരി.എസ്.എസ്. സൂപ്പർവൈസർ.(സി.ഡി.പി.ഓ. ഇൻ ചാർജ് ) | 04.06.2015 | 20.07.2015 |

| | | | |
|---|---|---|---|
| | ശ്രീമതി.സൈന.കെ.ബി.<br>(സി.ഡി.പി.ഒ.) | 21.07.2015 | 31.03.2016 |
| എസ്.സി.ഡി.ഒ. | ശ്രീമതി.ഹണിമോൾ.ജെ.കട്ടക്കയം | 01.04.2014 | 06.07.2014 |
| | ശ്രീ.പി.ജെ.ജേക്കബ്. | 07.07.2014 | 06.08.2014 |
| | ശ്രീമതി.പ്രീതാപ്രിയദർശിനി.കെ.<br>ഗ്രിഗോറിയോസ്. | 07.08.2014 | 31.03.2016 |
| ഡയറി എക്സ്റ്റൻഷൻ<br>ഓഫീസർ. | ശ്രീമതി. പ്രിയ ജോസഫ്. | 01.04.2014 | 31.03.2016 |
| അസി.എക്സിക്യൂട്ടീവ്<br>എഞ്ചിനീയർ | ശ്രീ.ഷിബു എൽ നാലപ്പാട്ട് | 01.04.2014 | 31.10.2014 |
| | ശ്രീ.ജൂഡ് ജോസഫ്. സി.ഡി. | 01.11.2014 | 19.06.2015 |
| | ശ്രീമതി. സാറ സൂര്യ ജോർജ്ജ് | 20.06.2015 | 31.03.2016 |

ഉള്ളടക്കം


| ക്രമ<br>നം. | ഭാഗം – 1 | ഖണ്ഡിക<br>നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | ക്യാഷ് വെരിഫിക്കേഷൻ | 1-6 |
| 7 | ആഭ്യന്തരനിയന്ത്രണം. | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| | ഭാഗം - 2<br><br>ഇല്ല | |
| | ഭാഗം – 3 | |
| 9 | മാലിപ്പുറം സി.എച്ച്.സി.ക്ക് മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ല | 3-1 |
| 10 | ഗുണഭോക്തൃസമിതി മുഖേനയുള്ള പ്രോജക്ട് നിർവ്വഹണം. മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല. | 3-2 |
| 11 | അളവ്പുസ്തകത്തിൽ രേഖപ്പെടുത്തിയതും യഥാർത്ഥത്തിൽ വാങ്ങിയതുമായ കമ്പിയുടെ അളവിൽ വ്യത്യാസം | 3-3 |
| 12 | കൈമാറ്റം ചെയ്ത സ്ഥാപനങ്ങൾക്ക് ഫർണിച്ചർ നൽകൽ -61600 രൂപയുടെ ചെലവ് തടസ്സപെടുത്തുന്നു | 3-4 |
| 13 | പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ-ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-5 |
| | ഭാഗം - 4 | |
| 14 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 15 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 16 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 17 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 18 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 19 | ഓഡിറ്റ് റിക്കവറി | 4-6 |
| 20 | സമാഹ്യത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 21 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 22 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 23 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2014-15 | അനുബന്ധം.1 |
| 24 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2015-16 | അനുബന്ധം.2 |
| 25 | ഇൻകം &എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ്- 2014-15 | അനുബന്ധം.3 |
| 26 | ഇൻകം &എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ്- 2015-16 | അനുബന്ധം.4 |
| 27 | റസീപ്റ്റ് &പേയ്മെൻറ് സ്റ്റേറ്റ്മെന്റ് 2014-15 | അനുബന്ധം.5 |
| 28 | റസീപ്റ്റ് &പേയ്മെൻറ് സ്റ്റേറ്റ്മെന്റ് 2015-16 | അനുബന്ധം.6 |
| 29 | ബാലൻസ് ഷീറ്റ് 2014-15 | അനുബന്ധം.7 |
| 30 | ബാലൻസ് ഷീറ്റ് 2015-16 | അനുബന്ധം.8 |


# ഭാഗം 1

## പൊതു അവലോകനം

# 1-1 ബജറ്റ്

2014-15, 2015-16 എന്നീ വർഷങ്ങളിലെ ബജറ്റുകൾ യഥാക്രമം 18.02.2014, 28.02.2015 എന്നീ തീയതികളിൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റിയുടെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ വരവ് ചെലവുകളും സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | 2014-15 | | 2015-16 | |
|---|---|---|---|---|
| | വരവ് | ചെലവ് | വരവ് | ചെലവ് |
| ബജറ്റ് എസ്റ്റിമേറ്റ്പ്രകാരം | 12,34,28,400 | 12,31,86,900 | 10,00,09,800 | 9,97,45,900 |
| വാർഷികകണക്ക് പ്രകാരം | 6,45,51,011 | 5,54,41,776 | 4,06,86,198 | 4,77,33,130 |
| വ്യത്യാസം | 5,88,77,389 | 6,77,45,124 | 5,93,23,602 | 5,20,12,770 |
| % | 47.7% | 54.99% | 59.31% | 52.15% |

ബഡ്ജറ്റ് എസ്റ്റിമേറ്റും യഥാർത്ഥ കണക്കും തമ്മിൽ വലിയ അന്തരം കാണുന്നു. കേരളാ പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214ൽ വ്യവസ്ഥ ചെയ്യും പ്രകാരം ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2014-15 | 31.07.2015 | 05.06.2015 |
| 2015-16 | 31.07.2016 | 28.07.2016 |

# 1-3 സാമ്പത്തിക വിശകലനം

| | 2014-15 | 2015-16 |
|---|---|---|
| മുന്നിരിപ്പ് | 3,24,54,377.00 | 4,15,63,612 |
| വരവ് | 6,45,51,011.00 | 4,06,86,198 |
| ആകെ | 9,70,05,388.00 | 8,22,49,810 |
| ചെലവ് | 5,54,41,776.00 | 4,77,33,130 |
| നീക്കിയിരിപ്പ് | 4,15,63,612.00 | 3,45,16,680 |

ബാലൻസ് ഷീറ്റ് പ്രകാരം ഓഡിറ്റ് വർഷങ്ങളിൽ പിരിച്ചെടുക്കുവാൻ ബാക്കിനിൽക്കുന്ന തുകകളുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | തുക | |
|---|---|---|
| | 2014-15 | 2015-16 |
| വാടക | 3,300.00 | 2,550.00 |

# 1-4 ഫണ്ട് വിനിയോഗം.

2014-15

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2300980 | (*)16342000 | 18642980 | 14808291 | 3834689 | 79.43 |
| എസ്.സി.പി | 2363608 | 6401000 | 8764608 | 3748791 | 5015817 | 42.77 |
| ടി.എസ്.പി | 0 | 128000 | 128000 | 128000 | 0 | 100 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 5900 | 2389000 | 2394900 | 933868 | 1461032 | 38.99 |

2015-16

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3834689 | (*)12817618 | 16652307 | 16652307 | 0 | 100 |
| എസ് സി പി | 5015817 | (**)1476972 | 6492789 | 6492789 | 0 | 100 |
| ടി എസ് പി‘ | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് (നോൺറോഡ്) | 1461032 | 1260332 | 2721364 | 2721364 | 0 | 100 |

# 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷങ്ങളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീ കാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാ ക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാ ക്കിയത് (എണ്ണം) | നടപ്പാ ക്കാത്തവ (എണ്ണം) | പൂർത്തീ കരിച്ച പ്രോജക്ടു കളുടെ % |
|---|---|---|---|---|---|---|---|
| 2014-15 | 53 | 27477378 | 40 | 20064675 | 0 | 13 | 75.47 |
| 2015-16 | 63 | 33117035 | 50 | 26104585 | 0 | 13 | 79.3 |

# 1-6 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.09.2016 12.20ന് ഹെഡ് ക്ലെർക്കിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ നീക്കിയിരിപ്പായി തുകയൊന്നും ഉണ്ടായിരുന്നില്ലന്നത് ബോധ്യപ്പെട്ടു.

# 1-7 ആഭ്യന്തരനിയന്ത്രണം.

പ്രോജക്ട് നിർവ്വഹണം - മോണിട്ടറിങ് ഫലപ്രദമല്ല.

പ്രോജക്ടുകളുടെ വിജയം കാര്യക്ഷമവും ഫലപ്രദവുമായ മോണിറ്ററിങിൽ അധിഷ്ഠിതമാണ്. പ്രോജക്ടിന്റെ നിർവ്വഹണത്തെയും നിർവ്വഹണ ഉദ്യോഗസ്ഥനെയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിറ്ററിങ്. ആദ്യം മുതൽ അവസാനം വരെ, പ്രോജക്ടുകളുടെ നിർവ്വഹണം വിഭാവനം ചെയ്തരീതിയിൽ തന്നെ പുരോഗമിക്കുന്നു എന്ന് ദിശാഗതി നിർണ്ണയം നടത്തുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിറ്ററിങ്. മോണിറ്ററിങ് നടത്തേണ്ട ഉത്തരവാദിത്വം വർക്കിങ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷങ്ങളിൽ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിറ്ററിങ് നടത്തിയിട്ടില്ല. തുക വിനിയോഗിച്ചിട്ടുണ്ട് എന്ന് ഒരു സ്റ്റേറ്റ്മെന്റിൽ മോണിറ്ററിങ് പലപ്പോഴും ഒതുങ്ങുന്നു. പ്രോജക്ടുകൾ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ എന്ന് ഒരു മോണിറ്ററിങ് സമിതിയും വിലയിരുത്തുന്നില്ല.

ആസ്തി രജിസ്റ്റർ- സൂക്ഷിപ്പ് കാലികമല്ല.

ആസ്തി രജിസ്റ്റർ കാലികമായി എഴുതി സൂക്ഷിക്കുന്നില്ല. ഓരോ വർഷവും ആർജ്ജിക്കുന്ന ആസ്തികളുടെ വിവരം ഉൾപ്പെടുത്തി രജിസ്റ്റർ കാലികമായി സൂക്ഷിക്കേണ്ടതാണ്.

ഇൻക്യുംബൻസി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
ബ്ലോക്ക്പഞ്ചായത്തിലെ ഉദ്യോഗസ്ഥർ, കൈമാറിക്കിട്ടിയ സ്ഥാപനത്തിലെ ഉദ്യോഗസ്ഥർ എന്നിവരുടെ സേവനകാലയളവ്, സ്ഥിരം മേൽവിലാസം എന്നിവ രേഖപ്പെടുത്തി ഇൻക്യുംബൻസി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.07.2016 | 2015-16 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.11.2012 | 2008-12 | 28.02.2013 |

# ഭാഗം-2
# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഇല്ല

# ഭാഗം-3
# ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മാലിപ്പുറം സി.എച്ച്.സി.ക്ക് മരുന്ന് പൂർണ്ണമായി ലഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് | S0034/16 സി.എച്ച്.സി. മരുന്ന് വാങ്ങൽ |
| അടങ്കൽ | 200,000/- |
| ചെലവ് വിവരം | 200,000/- DD.No. 537634/ 19.11.2015 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. മാലിപ്പുറം. |

മാലിപ്പുറം സി.എച്ച്.സി.ക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി 2,00,000/- രൂപ മുൻകൂറായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിട്ടുണ്ട്. ഈ തുക 15.12.2015 ൽ കെ.എം.എസ്.സി.എൽ കൈപ്പറ്റിയിട്ടുണ്ട്. ഈ പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ താഴെ ചേർക്കുന്നു. അത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

നോൺ അവയലബിലിറ്റി സർട്ടിഫിക്കറ്റ് ഇല്ല:

ആരോഗ്യസ്ഥാപനങ്ങൾക്ക് മരുന്നുകൾ ലഭ്യമാക്കുക എന്നത് ബന്ധപ്പെട്ട വകുപ്പുകളുടെ ചുമതലയാണ്. എന്നാൽ ഇത്തരത്തിൽ ലഭിക്കുന്ന മരുന്നുകൾ പര്യാപ്തമല്ലെങ്കിൽ ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നുള്ള നോൺഅവയബിലിറ്റി സർഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾ മരുന്നുകൾ വാങ്ങി നൽകാവുന്നതാണ് (സ.ഉ.(എം.എസ്) 362/13/ ത.സ്വ.ഭ.വ / 16.11.2013 ലെ ഖണ്ഡിക 7.4). ഇത്തരത്തിൽ നോൺഅവയബിലിറ്റി സർഫിക്കറ്റ് വാങ്ങാതെയാണ് മേൽ പ്രോജക്ട് പ്രകാരം മരുന്ന് വാങ്ങുന്നതിന് പണം നൽകിയിട്ടുള്ളത്.

<u>മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല:</u>

പണം മുൻകൂറായി 15.12.2015 ൽ കെ.എം.എസ്.സി.എൽ. ന് നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും നൽകിയിട്ടില്ല. താഴെ വിവരിക്കും പ്രകാരം വിവിധ ഇൻവോയ്സുകളിലായി 1,23,361/- രൂപയുടെ മരുന്നുകൾ മാത്രമാണ് നൽകിയിട്ടുള്ളത്. ഓഡിറ്റ് തീയതിയിൽ 76,639/- രൂപ കെ.എം.എസ്.സി.എൽ. - ന്റെ പക്കൽ അവശേഷിക്കുന്നുണ്ട്.

| ഇൻവോയ്സ് നമ്പർ | തുക |
|---|---|
| 3777/ 16.1.2016 | 23614.00 |
| 3883/ 21.1.2016 | 52621.00 |
| 4123/ 4.2.2016 | 11951.00 |
| 4435/ 17.2.2016 | 5865.00 |
| 5224/ 17.6.2016 | 783.00 |
| 5459/ 28.3.2016 | 28527.00 |
| ആകെ ലഭിച്ച മരുന്നിന്റെ മൂല്യം | 123361.00 |

ആരോഗ്യ വകുപ്പ് നൽകുന്ന മരുന്നുകളുടെ അളവ് പര്യാപ്തമല്ലാത്തതിനാലാണ് ബ്ലോക്ക് പഞ്ചായത്ത് മരുന്നു വാങ്ങി നൽകുന്നതിനായി തുക മുൻകൂർ നൽകിയിട്ടുള്ളത്. എന്നാൽ കോർപ്പറേഷൻ പല തവണയായിട്ടാണ് മരുന്ന് നൽകുന്നത്. ഇത് സി.എച്ച്.സി. യുടെ പ്രവർത്തനത്തെ ബാധിക്കുമെന്ന് ഓഡിറ്റ് മനസ്സിലാക്കുന്നു. മാർച്ച് 2016 ലാണ് അവസാനമായി മരുന്ന് ലഭിച്ചിട്ടുള്ളത്. ആഗസ്റ്റ് മാസം അവസാനിക്കാറായിട്ടും മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചതായി കാണുന്നില്ല. ഈ പരാമർശം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 76,639/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 ഗുണഭോക്തൃസമിതി മുഖേനയുള്ള പ്രോജക്ട് നിർവ്വഹണം. മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ല.

ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽ 2014-15, 2015-16 വർഷങ്ങളിൽ കൂടുതൽ മരാമത്ത് പ്രവൃത്തികളും ഗുണഭോക്തൃസമിതി മുഖേനയാണ് നടപ്പാക്കിയിട്ടുള്ളത്. എന്നാൽ 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം.13, സംസ്ഥാന ആസൂത്രണ ബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച 'ഗുണഭോക്തൃസമിതി മാർഗ്ഗരേഖ' എന്നിവയിലെ വ്യവസ്ഥകൾ പലതും പാലിക്കാതെയാണ് ഈ പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. വിശദവിവരം താഴെ ചേർക്കുന്നു.

<u>ഗുണഭോക്തൃസമിതി രൂപീകരണം.</u>

നടപ്പിലാക്കാനുദ്ദേശിക്കുന്ന നിർമ്മാണ പ്രവൃത്തിയുടെ ഗുണഭോക്താക്കളുടെ ഒരു യോഗം ചുരുങ്ങിയത് 3 ദിവസം മുമ്പ് നോട്ടീസ് നൽകി വിളിച്ചുചേർക്കണം. ഈ യോഗത്തിൽ വച്ച്

7-15 അംഗങ്ങളെ ഉൾപ്പെടുത്തി പ്രവൃത്തി നിർവ്വഹണ കമ്മറ്റിയും അതിന് ഒരു കൺവീനറെയും ചെയർമാനെയും തെരഞ്ഞെടുക്കണം. എന്നാൽ പല പ്രവൃത്തികൾക്കും ഇപ്രകാരം ഗുണഭോക്തൃസമിതി ചേർന്നിട്ടില്ല.

പണമിടപാടുകൾക്ക് സംയുക്തബാങ്ക് അക്കൗണ്ട്

പണമിടപാട് നടത്തുന്നതിന് വേണ്ടി ചെയർമാന്റെയും കൺവീനറുടെയും പേരിൽ ഒരു സംയുക്ത ബാങ്ക് അക്കൗണ്ട് ആരംഭിക്കണം. മുഴുവൻ പണമിടപാടുകളും ഈ അക്കൗണ്ടിലൂടെ മാത്രമെ നടത്താവൂ. ചില പ്രവൃത്തികൾക്ക് മാത്രമേ ഇപ്രകാരം അക്കൗണ്ട് ആരംഭിച്ചിട്ടുള്ളൂ. എന്നാൽ പണമിടപാടുകൾ ആരും ഈ അക്കൗണ്ടിലൂടെ നടത്തിയിട്ടില്ല.

മസ്റ്റർ റോളുകൾ ക്രമപ്രകാരമല്ല.

പ്രവൃത്തിക്ക് നിയോഗിക്കുന്ന വിവിധ വിഭാഗം തൊഴിലാളികളുടെ പേര്, മേൽവിലാസം, വയസ്സ്, അച്ചന്റെ പേര്, ഹാജർ, വേതന നിരക്ക്, വേതനം എന്നിവ അതാത് ദിവസം കൃത്യമായി രേഖപ്പെടുത്തി, അവസാന ദിവസം തൊഴിലാളികളെ കൊണ്ട് ഒപ്പ് രേഖപ്പെടുത്തി വേതനം നൽകണം. മസ്റ്റർ റോളിൽ ചെയർമാനും കൺവീനറും അവരുടെ ഒപ്പും , ഇത് പ്രകാരം ചെയ്ത പ്രവൃത്തിയും ഏതെന്ന് രേഖപ്പെടുത്തണം. ഇപ്രകാരം മസ്റ്റർ റോളുകൾ തയ്യാറാക്കിയിട്ടില്ല.

നിർമ്മാണസാധനങ്ങളുടെ വാങ്ങൽ.

നിർമ്മാണസാധനങ്ങൾ ഗുണനിലവാരം ഉറപ്പവരുത്തി ഗുണഭോക്തൃസമിതിയുടെ അംഗീകാരത്തിന് വിധേയമായി വാങ്ങണം. വാങ്ങുന്നത് വ്യക്തികളിൽ നിന്നായാലും സ്ഥാപനങ്ങളിൽ നിന്നായാലും, സാധനങ്ങളുടെ അളവ്, നിരക്ക്, മൊത്തംവില, തീയതി എന്നിവ രേഖപ്പെടുത്തിയ രസീതികൾ വേണം. സിമെന്റ്, കമ്പി, ബിറ്റുമെൻ എന്നിവ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും വാങ്ങേണ്ടതും അപ്രകാരമുള്ള ബില്ലുകൾ, പണിപൂർത്തീകരിക്കുന്ന മുറയ്ക്ക് പഞ്ചായത്തിന് കൈമാറേണ്ടതുമാണ്. എന്നാൽ ബിറ്റുമെൻ, സിമെന്റ് എന്നിവ ഒഴികെയുള്ള സാധനങ്ങളുടെ വാങ്ങൽ ചട്ടപ്രകാരമല്ല നടത്തിയിട്ടുള്ളത്. പല പ്രവൃത്തികളിലും പർച്ചേയ്സ് ബില്ലുകൾ ലഭ്യമാക്കിയിട്ടില്ല.

സമിതി യോഗം, മിനുട്ട്സ് ബുക്ക്

പണി പൂർത്തീകരിക്കപ്പെടുന്നത് വരെ ഗുണഭോക്തൃസമിതി ആഴ്ചയിയിലൊരിക്കൽ യോഗം ചേരുകയും വൗച്ചറുകൾ പാസ്സാക്കുകയും പ്രവർത്തനം വിലയിരുത്തുകയും വേണം. ഇതിന്റെ മിനുട്ട്സ് കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കണം. എന്നാൽ ഫൈനൽ ബില്ലുകൾക്കൊപ്പം സൂക്ഷിച്ചിട്ടുള്ള മിനുട്ട്സ് ബുക്കുകൾ, ക്രമപ്രകാരം യോഗങ്ങൾ ചേരുന്നില്ല എന്നത് വ്യക്തമാക്കുന്നു.

വരവ് ചെലവ് കണക്ക് പുസ്തകം- നിർദ്ദിഷ്ട മാതൃകയിൽ സൂക്ഷിക്കുന്നില്ല.

വരവ് ചെലവുകൾ നിർദ്ദിഷ്ട മാതൃകയിൽ കൃത്യമായി ദിനംപ്രതി എഴുതി സൂക്ഷിക്കേണ്ടതാണെങ്കിലും ഒരു സമിതിയും ഇപ്രകാരം കണക്ക് പുസ്തകം എഴുതി സൂക്ഷിച്ചിട്ടില്ല. പ്രവൃത്തികളിലും കൺവീനർ സമർപ്പിച്ചിട്ടുള്ള കണക്കുകൾ പ്രകാരമുള്ള ആകെ ചെലവ് എഞ്ചിനീയർ തയ്യാറാക്കുന്ന ബില്ലിലെ ആകെ തുകയേക്കാൾ കൂടുതലാണ്. ഈ അധികം വന്ന ചെലവ് തുകയുടെ ഉറവിടം എന്തെന്ന് വരവ് ചെലവ് കണക്ക് പുസ്തകം എഴുതി സൂക്ഷിക്കാത്തതിനാൽ സുതാര്യമല്ലാതാകുന്നു. പ്രവർത്തനം ആരംഭിക്കുന്നതിനായി ഒരു ഗുണഭോക്തൃസമിതിക്കും മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല. പ്രവർത്തി ചെയ്യുന്നതിനാവശ്യമായ പണം ആര് അഡ്വാൻസ് ചെയ്തെന്നോ അത് തിരികെ നൽകിയിട്ടിണ്ടുണ്ടോ എന്നും വരവ് ചെലവ് കണക്ക് പുസ്തകം സൂക്ഷിക്കാത്തതിനാൽ പരിശോധിക്കാനാകുന്നില്ല.

സമിതിക്ക് ലഭിക്കുന്ന ബിൽ തുക

എഞ്ചിനീയർ രേഖപ്പെടുത്തുന്ന അളവുകളനുസരിച്ചുള്ള പ്രവൃത്തികൾക്ക് കരാർ ഉടമ്പടിയിലെ നിരക്കുകൾ പ്രകാരമുള്ള ബിൽ തുകയോ ഗുണഭോക്തൃസമിതി

യഥാർത്ഥത്തിൽ ചെലവഴിച്ച തുകയോ ഏതാണോ കുറവ് അതാണ് ഗുണഭോക്തൃസമിതിക്ക് നൽകേണ്ടത്. എന്നാൽ ഈ വ്യവസ്ഥയ്ക്ക് വിരുദ്ധമായി ചില ഗുണഭോക്തൃസമിതികൾക്ക് അർഹതയുള്ളതിലും അധികം തുക നൽകിയിട്ടുണ്ട്.

അവസാന പൊതുയോഗം/ സംരക്ഷണക്കമ്മറ്റി രൂപീകരണം.

പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ ലഭിച്ചതിന് ശേഷം പൊതുയോഗം വിളിച്ച് ചേർത്ത് വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ച് ബോദ്ധ്യപ്പെടുത്തേണ്ടതാണ്. അതിന് ശേഷം സംയുക്തബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്. ഇങ്ങനെ ചേരുന്ന പൊതുയോഗത്തിൽ പ്രവൃത്തി നിർവ്വഹണ കമ്മറ്റി പിരിച്ചുവിടുകയും ആസ്തി സംരക്ഷണത്തിന് വേണ്ടി ഒരു കമ്മറ്റി രൂപീകരിക്കുകയും വേണം. പഞ്ചായത്തിൽ ഗുണഭോക്തൃസമിതി വഴി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ തുടർ സംരക്ഷണത്തിനായി ഇത്തരത്തിൽ സംരക്ഷണക്കമ്മറ്റികൾ രൂപീകരിച്ചിട്ടില്ല. ഗുണഭോക്തൃ സമിതികളിൽ നിന്നും സെക്യൂരിറ്റി നിക്ഷേപം സ്വീകരിക്കാത്തതിനാൽ ഗ്യാരണ്ടി പിരീഡിനുള്ളിൽ, സൃഷ്ടിക്കപ്പെട്ട ആസ്തികൾക്ക് ഏതെങ്കിലും തരത്തിലുള്ള കേട്പാടുകൾ ഉണ്ടായാൽ ആയത് സമിതിയുടെ നഷ്ടോത്തരവാദിത്തത്തിൽ ശരിയാക്കുന്നതിന് കഴിയില്ല. ഈ സാഹചര്യത്തിലാണ് സംരക്ഷണ കമ്മറ്റിയുടെ പ്രാധാന്യം വരുന്നത്.

സമിതി കൈമാറുന്ന രേഖകൾക്ക് രസീതി നൽകുന്നില്ല.

പ്രവൃത്തി പൂർത്തിയാക്കിയ ശേഷം കൺവീനർ എല്ലാ രേഖകളും പഞ്ചായത്തിന് നൽകി രസീതി വാങ്ങേണ്ടതാണ്. ഈ വ്യവസ്ഥ പാലിച്ചിട്ടില്ല. അതിനാൽ തന്നെ കൺവീനർ രേഖകൾ ഹാജരാക്കാതിരിക്കുകയോ ഭാഗികമായി കൈമാറുകയോ ചെയ്യുന്ന സാഹചര്യം ഉണ്ടാകുന്നു.

ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല

| | | |
|---|---|---|
| പ്രോജക്ട് നം | എസ്.0056/16 | |
| പ്രോജക്ടിന്റെ പേര് | ചേരാനെല്ലൂർ പി.എച്ച്.സി. അറ്റകുറ്റപ്പണി. | |
| അടങ്കൽ | 6,00,000/- | |
| കൺവീനറുടെ പേര് | ശ്രീ.റസാക്ക്, പെഴുങ്ങാൽ, ചേരാനെല്ലൂർ. | |
| കരാർ നമ്പർ | 17/AEE/EBP/LSGD/14-15/ 27.12.14 | |
| ചെലവ് വിവരം | 451857/- | bill No.3/15-16/ 17.7.2015 |
| കൺവീനർക്ക് നൽകിയ തുക | 417754/- | DD No.532520/ 17.7.2015 |
| അളവ് പുസ്തകം | EB/3/14-15 | |

ഗുണഭോക്തൃസമിതി യോഗങ്ങളുടെ മിനിറ്റ്സ് ബുക്ക് ലഭ്യമല്ല. ഫയലിൽ ലഭ്യമായ ചെലവ് രേഖകൾ പ്രകാരം 2,21,710/- രൂപ മാത്രമാണ് സമിതിക്ക് ചെലവായിട്ടുള്ളൂ (വിശദ വിവരം താഴെ ചേർക്കുന്നു). എന്നാൽ 4,17,754/- രൂപ കൺവീനർക്ക് നൽകിയിട്ടുണ്ട്.

| ഇനം | തുക | ബിൽ നം. |
|---|---|---|
| സിമെന്റ് | 8750/- | 565/18.4.2015 |
| സ്റ്റീൽ | 12894/- | 63/2.4.2015 |
| ജി.ഐ.ട്യൂബ് മുതലായവ | 101466/- | 325/29.5.2015 |
| ലേബർ | 98600/- | മസ്റ്റർ റോൾ |
| ആകെ | 221710/- | |

## 3-3 അളവ്പുസ്തകത്തിൽ രേഖപ്പെടുത്തിയതും യഥാർത്ഥത്തിൽ വാങ്ങിയതുമായ കമ്പിയുടെ അളവിൽ വ്യത്യാസം

പ്രോജക്ടിന്റെ പേര് - ഏളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് വാർഡ്-9, കെ.കെ.എസ്. നടപ്പാത കോൺക്രീറ്റിംഗ്.
പ്രോജക്ടിന്റെ നമ്പർ - S0029/15.
കൺവീനർ – രാജീവ്.
ആകെ ചെലവ് – 405666/ ചെക്ക് നമ്പർ-973689 dtd 2.3.15

മേൽപ്രോജക്ടിൽ 125മീറ്റർ നീളത്തിൽ നടപ്പാത കോൺക്രീറ്റ് ചെയ്യതിന് അളവ്പുസ്തകം EB 65/13-14 പേജ് 6ഇനം 8പ്രകാരം 326.74kg കമ്പി ഉപയോഗിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്.ഈ പ്രവർത്തി ചെയ്യത് അളവ്പുസ്തകത്തിൽ 27/12/14ന് ചെക്ക് മെഷർ ചെയ്യതായി രേഖപ്പെടുത്തിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ താഴെചേർക്കുന്ന അപാകതകൾ കാണുന്നു.

1. ബിൽപ്രകാരം വാങ്ങിയതിനെക്കാൾ( 255kg )കൂടുതലാണ് അളവ്പുസ്തകത്തിൽ കമ്പിയുടെ ഉപയോഗം കാണിച്ചിരിക്കുന്നത്.(255-326.74=71.74kg).

   ഗുണഭോക്തൃസമിതി കൂടി അംഗീകരിച്ച വരവ്-ചെലവ് കണക്കുകളിലും 255kg കമ്പിയുടെ വിലയാണ് കാണിച്ചിരിക്കുന്നത്.

   ഗുണഭോക്തൃസമിതി വഴി നടപ്പാക്കുന്ന പ്രവർത്തികളിൽ ഗുണഭോക്തൃസമിതി കൂടി അംഗീകരിക്കുന്ന വരവ്-ചെലവ് കണക്കുകളിൽപറയുന്ന അളവും കൺവീനർ ഹാജരാക്കുന്ന പർച്ചേയ്സ് ബില്ലുകൾ പ്രകാരമുള്ള അളവുകളും അളവ്പുസ്തകത്തിൽ രേഖപ്പെടുത്തുന്ന അളവുകളും തമ്മിൽ പൊരുത്തപ്പെടേണ്ടതുണ്ട്. അളവ്പുസ്തകത്തിലെ തുകയോ കൺവീനർ ഹാജരാക്കുന്ന കണക്കുകൾ പ്രകാരമുള്ള തുകയോ ഇതിൽ ഏതാണോ കുറവ് ആ തുകയാണ് അനുവദിക്കേണ്ടത്.

   അളവ്പുസ്തകപ്രകാരം ഉപയോഗിച്ച കമ്പിയുടെ വില നൽകിയത്- 326.74kg@6339/Qtl=20712.05

   കൺവീനർ ഹാജരാക്കിയ പർച്ചേയ്സ് ബിൽപ്രകാരം വാങ്ങിയ കമ്പിയുടെ അളവ്.- 255kg.

   അനുവദിക്കാവുന്ന കമ്പിയുടെ വില 255kg@6339/Qtl=16164/-

   അനുവദിച്ച തുക 326.74kg@6339Qtl=20712.05

   അധികം നൽകിയ തുക 20712.05 – 16164 = 4548.05 @ 4548/-

അധികം തുക നൽകുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി 7 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ അധികം നൽകിയ 4,548/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-4 കൈമാറ്റം ചെയ്ത സ്ഥാപനങ്ങൾക്ക് ഫർണിച്ചർ

## നൽകൽ - 61,600/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0008/16 |
| പ്രോജക്റ്റിന്റെ പേര് | കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണിച്ചർ |
| നിർവ്വഹണം | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്. |
| അടങ്കൽ<br>ചെലവ് | 70,000/-<br>61600/- Bill No. 25 തീയതി 27/3/15 |

കൈമാറികിട്ടിയ സ്ഥാപനങ്ങൾക്ക് ഫർണിച്ചർ നല്കുന്നതിനുവേണ്ടി താഴെ പറയുന്ന ഇനങ്ങൾക്കായി ബ്ലോക്ക് പഞ്ചായത്ത് ക്വട്ടേഷൻ ക്ഷണിച്ചു (ക്വട്ടേഷൻ നം. C-1817 തീ.30/12/2014 )

| ഇനം | ബ്രാൻഡ് / സ്പെസിഫിക്കേഷൻ / എണ്ണം |
|---|---|
| പ്ളാസ്റ്റിക്ക് കസേര കൈ ഉള്ളത് | നീൽകമൽ , 60 എണ്ണം |
| സ്റ്റീൽ അലമാര | 6 അടി ഉയരം , 20 ഗേജ് , 8 എണ്ണം |

ക്വട്ടേഷനിൽ 8 സ്ഥാപനങ്ങൾ പങ്കെടുത്തതിൽ ഏറ്റവും കുറവ് റേറ്റ് ക്വോട്ട് ചെയ്ത BIZ India Appliances, കാക്കനാട് എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയും ബ്ളോക്ക് പഞ്ചായത്തിന്റെ 31/03/2015 -ലെ iv (13) നം തീരുമാനപ്രകാരം സെക്രട്ടറിയെ ടി സ്ഥാപനത്തിന് സപ്ളൈ ഓർഡർ നല്കാൻ ചുമതലപ്പെടുത്തി. 27/03/2015 -ൽ ബിൽ നം. 25 പ്രകാരം ഫർണിച്ചർ സപ്ലൈ ചെയ്തതിന് ടി സ്ഥാപനത്തിന് 61,600/- രൂപ നല്കി.

അപാകതകൾ

1. Biz India Appliances -ൽ നിന്നും 61,600/-രൂപ നൽകി ഫർണിച്ചർ വാങ്ങിയിട്ടുണ്ട്. എന്നാൽ ഇവർ ഹാജരാക്കിയ പ്രഫോർമ ഇൻവോയ്സിൽ സ്ഥാപനത്തിന്റെ TIN നംമ്പർ രേഖപ്പെടുത്തിയിട്ടില്ലാത്തതിൽ നിന്നും ഈ സ്ഥാപനത്തിന് വിൽപന നികുതി രജിസ്ട്രേഷൻ ഇല്ലെന്ന് കണക്കാക്കാം. ആയതിനാൽ ഈ വില്പനയിലൂടെ സർക്കാരിനു ലഭിക്കേണ്ട റവന്യൂ വരുമാനം ലഭിച്ചിരിക്കാൻ സാധ്യതയില്ല.
2. KFC Vol.1 Art.139(b) അനുസരിച്ച് സപ്ലൈ ഓർഡറിന്റെ പകർപ്പ് Commercial Tax, Income Tax അധികാരികൾക്ക് നല്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ഈ വാങ്ങൽ പ്രക്രിയയിൽ ഈ വ്യവസ്ഥ പാലിച്ചിട്ടില്ല.
3. ക്വട്ടേഷൻ നോട്ടീസ് പ്രകാരം സ്റ്റീൽ അലമാരയുടെ സ്പെസിഫിക്കേഷൻ 6 അടി ഉയരം. 20 ഗേജ് എന്നാണ്. പ്രഫോർമ ഇൻവോയ്സിലും പർച്ചേസ് ബില്ലിലും സ്പെസിഫിക്കേഷൻ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാങ്ങിയ സ്റ്റീൽ അലമാരകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

മേൽ പരാമർശങ്ങൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയൊന്നും ലഭിച്ചില്ല. ഈ കാരണത്താൽ 61,600/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ-ചെലവ് തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നമ്പർ - S0047/16

അടങ്കൽ – 50,000/-

ചെലവ് വിവരം – 34309/- രൂപ,. DD. NO .739684 dtd 9.2.2016.

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ പി.എച്ച്.സി. ചേരാനല്ലൂർ .

ചേരാനല്ലൂർ പി.എച്ച്.സി.-ക്ക് മരുന്ന് ലഭ്യമാക്കുന്നതിനായി 34,309/- രൂപ മുൻകൂറായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകിയിട്ടുണ്ട്. ഇൻഡന്റ് പ്രകാരം 34,309/- രൂപയുടെ മരുന്നുകൾ ആവശ്യപ്പെട്ടിരുന്നെങ്കിലും 5,294/- രൂപയുടെ മരുന്നുകൾ മാത്രമാണ് നൽകിയിട്ടുള്ളത്. ഓഡിറ്റ് തീയ്യതിയിൽ 29,015/- രൂപ കെ.എം.സി.എൽ-ന്റെ പക്കൽ അവശേഷിക്കുന്നുണ്ട്. ആയതിനുള്ള മരുന്നുകൾ ലഭ്യമാക്കുകയോ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിവരം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പ്രോജക്ടിന്റെ പേര് | മുന്നിരിപ്പ് | ലഭിച്ച തുക | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| വിവിധ ഗ്രാമപഞ്ചായത്തുകൾ | 2014-15 | IAY | 2474180 | 5264921 | 2752910 | 4986191 |
| ജില്ലാപഞ്ചായത്ത് | 2014-15 | IAY | 456242 | 7450635 | 2920686 | 4986191 |
| വിവിധ ഗ്രാമപഞ്ചായത്തുകൾ | 2015-16 | IAY | 4986191 | 2393500 | 2447675 | 4932016 |
| ജില്ലാപഞ്ചായത്ത് | 2015-16 | IAY | - | 2984450 | 500611 | 2483839 |

## 4-2 ഡെപ്പോസിറ്റ് വർക്ക്

ഓഡിറ്റ് വർഷങ്ങളിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| സാമ്പത്തിക വർഷം | 2014-15 | 2015-16 |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,45,51,011 | 4,06,86,198 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,54,41,776 | 4,77,33,130 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 66,148 | 1,05,654 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം – ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഓഡിറ്റ് വർഷം | ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2014-15 | 3-3 | 4,548 | ജൂഡ് ജോസഫ് സി.ഡി., അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | 3-4 | 61,600 | സിജു തോമസ്, സെക്രട്ടറി |
| | ആകെ | 66,148 | - |

| | | | |
|---|---|---|---|
| 2015-16 | 3-1 | 76,639 | ഡോ. അപ്പ സിറിയക്ക്<br>മെഡിക്കൽ ഓഫീസർ, മാലിപ്പുറം |
| | 3-5 | 29,015 | ഡോ. ഷേർളി ജോർജ്ജ്,<br>മെഡിക്കൽ ഓഫീസർ, ചേരാനെല്ലൂർ. |
| | ആകെ | 1,05,654 | - |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>
ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>
ഇല്ല

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>
ഇല്ല

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1995-96,1996-97 | എൽ.എഫ് ഇ (ബി.പി) 331/99 തീ. 14.10.99 | എല്ലാ ഖണ്ഡികകളും |
| 1997-98 | എൽ.എഫ്.ഇ(സി)1037/02 തീ.3.12.01/30.3.02 | – |
| 1998-99 | എൽ.എഫ്.ഇ.(സി) 166/01 തീ12.1.02/27.3.02 | – |
| 2000-01 | എൽ.എഫ്.ഇ.(സി)728/05 തീ. 17.7.06 | – |
| 2005-06 | എൽ.എഫ്.ഇ(സി)196/08 തീ.4.8.08/28.4.09 | – |
| 2006-07 | എൽ.എഫ്.ഇ( സി) 197/08dtd4.8.08/28.4.09 | – |
| 2010-11,2011-12 | എൽ.എഫ്.ഇ(ബി.പി)300/13തീ.23.4.13/14.5.13 | – |
| 2013-14 | കെ.എസ്.എ-ഇ.കെ.എം (ബിപി.1) 1456/2015 തീ. 13/8/2015 | – |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാഓഡിറ്റ് കാര്യാലയം,
എറണാകുളം.

# അനുബന്ധം - 1

# ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2014-15

നം.കെ.എസ്.എ.-
ഇ.കെ.എം(ബി.പി)1574/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

തീയതി : 05.10.2016

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇടപ്പള്ളി ബ്ലോക്ക്പഞ്ചായത്തിന്റെ 2014-15 വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

# APPENDIX - I

# AUDIT CERTIFICATE – 2014-15

No.KSA-EKM(BP)1574/2016

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in
Date : 05.10.2016

Certified that I have audited the Annual Financial Statement of Edappally Block Panchayat in Ernakulam District for the year ended on 31.03.2015 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of Edappally Block Panchayat for the year 2014-15 except the observations in my audit report prorperly presents the picture of income and expenditure.

Joint Director

# അനുബന്ധം - 2

# ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2015-16

നം.കെ.എസ്.എ.-
ഇ.കെ.എം(ബി.പി)1574/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

തീയതി : 05.10.2016

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

# APPENDIX - II

# AUDIT CERTIFICATE – 2015-16

No.KSA-EKM(BP)1574/2016

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 05.10.2016

Certified that I have audited the Annual Financial Statement of Edappally Block Panchayat in Ernakulam District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of Edappally Block Panchayat for the year 2015-16 except the observations in my audit report prorperly presents the picture of income and expenditure.

Joint Director